## റിപ്പോർട്ടുകൾ സി.ഡി. രൂപത്തിൽ ലഭ്യമാക്കൽ

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച സബ്മിഷൻ വളരെ പ്രധാനപ്പെട്ടതാണ്. കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റം നിയമസഭയും സ്വീകരിക്കേണ്ടതുണ്ട്. അതിന്റെ ശ്രമങ്ങളാണ് നടത്തിവരുന്നത്. കഴിഞ്ഞ 20-ാം തീയതി ബാങ്കറ്റ് ഹാളിൽ നടന്ന പരിപാടി എല്ലാവർക്കും അറിയാവുന്നതാണ്. ചോദ്യോത്തരങ്ങൾ കമ്പ്യൂട്ടറിൽ ആക്കുന്ന LAIS -ന്റെ ഉദ്ഘാടനമാണ് അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചത്. അന്നും ഞാൻ ഒരു കാര്യം സൂചിപ്പിച്ചിരുന്നു. പേപ്പർലെസ്സ് നിയമസഭയാക്കി മാറ്റുന്നതിനുള്ള ശ്രമം ഇന്ത്യയിലെ പല നിയമസഭകളും തുടങ്ങിയിട്ടുണ്ട്. ഹിമാചൽ പ്രദേശ് നിയമസഭ ഇതിനകംതന്നെ അത് പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞു. മറ്റ് ചില നിയമസഭകൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായം ചോദിച്ചിട്ടുണ്ട്. നമ്മളും ആ വഴിക്ക് നീങ്ങണമെന്നുതന്നെയാണ് ചെയറിന്റെ ആഗ്രഹം. ഇതുസംബന്ധിച്ച് അധികം താമസിക്കാതെ വിവിധ രാഷ്ട്രീയ കക്ഷിനേതാക്കന്മാരുടെ യോഗം വിളിച്ചുചേർക്കും. ആ യോഗത്തിൽ എടുക്കുന്ന തീരുമാനത്തിനനുസരിച്ച് മറ്റ് നടപടികൾ നമുക്ക് സ്വീകരിക്കാം. ഇത് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന കാര്യവുമാണ്. കേന്ദ്ര ഗവൺമെന്റിനോട് ആവശ്യമായ സഹായം ചോദിക്കണം. മുഴുവൻ തുകയും

കേന്ദ്രത്തിൽനിന്ന് കിട്ടിയെന്ന് വരില്ല. ബാക്കി തുക കണ്ടെത്തേണ്ടതുണ്ട്. ഇപ്പോൾ തുടക്കം കുറിച്ചാലും 13-ാം കേരള നിയമസഭയിൽ പൂർണ്ണമായും പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നില്ലെങ്കിലും അധികം കഴിയുന്നതിനുമുമ്പ് കേരള നിയമസഭയിലും ഇത് യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമം, വിവിധ രാഷ്ട്രീയകക്ഷി നേതാക്കന്മാരുമായി ആലോചിച്ച് സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിക്കുന്നു.